ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ അസിസ്റ്റന്റ് മാനേജർ (ഇലക്ട്രിക്കൽ) (Category No. 329/2020) തസ്തികയുടെ തെരഞ്ഞെടുപ്പിൽ ഉൾപ്പെട്ട 75 ഉദ്യോഗാർത്ഥികളുടെ അഭിമുഖം 31.01.2024, 01.02.2024, 02.02.2024 **എന്നീ തീയതികളിൽ** 09.30 AM, 12.00 Noon എന്നീ സമയങ്ങളിലായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ആഫീസിൽ വച്ച് നടത്തുന്നു. ആയതിന്റെ മുന്നോടിയായിട്ടുള്ള സർട്ടിഫിക്കറ്റ് പരിശോധന അന്നേ ദിവസം രാവിലെ 08.00, 10.00 മണിക്ക് നടത്തുന്നതാണ്. പങ്കെടുക്കേണ്ട ഉദ്യോഗാർത്ഥികൾക്ക് SMS, Profile Message എന്നിവ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഉദ്യോഗാർത്ഥികൾ സ്വന്തം പ്രൊഫൈൽ പരിശോധിക്കേണ്ടതാണ്. ഇന്റർവ്യൂ മെമ്മോ, വ്യക്തിവിവര കുറിപ്പ് എന്നിവ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങൾ, OTV സർട്ടിഫിക്കറ്റിന്റെ പകർപ്പ്, വ്യക്തിവിവരക്കുറിപ്പ് പൂരിപ്പിച്ചത്, തിരിച്ചറിയൽ രേഖ, ഇന്റർവ്യൂ മെമ്മോ എന്നിവ സഹിതം ഇന്റർവ്യൂ മെമ്മോയിൽ പറയുന്ന സമയത്തും , തീയതിയിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിൽ എത്തിച്ചേരേണ്ടതാണ്. അടുത്ത ഘട്ടത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അഭിമുഖവുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിലെ CRI വിഭാഗവുമായി (0471-2546385) ബന്ധപ്പെടേണ്ടതാണ്.